ഭരണ ഭാഷ മാതൃഭാഷ

ഇ.മെയിൽ : dir.dme@kerala.gov.in,
dmekerala@gmail.com

ഫാക്സ് : 0471-2443080

ഫോൺ: (ഓഫീസ് ) : 0471-2528575
ഡയറക്ടർ: 0471-2444011
മെഡിക്കൽകോളേജ്. പി.ഒ,
തിരുവനന്തപുരം-695011

കേരള സർക്കാർ
മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയം

നമ്പർ.ബി 6 /1906 (1)/2022/മെ.വി.വ. തീയതി: 19/07/2022

**വിജ്ഞാപനം**

**ഡിപ്ലോമ ഇൻ ജനറൽ നഴ്സിംഗ് ആൻഡ് മിഡ് വൈഫറി കോഴ്സ് 2022-23**
**(പട്ടിക ജാതി, പട്ടിക വർഗ്ഗ വിഭാഗത്തിൽ പെട്ടവർക്ക് മാത്രം)**

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ പട്ടിക ജാതി, പട്ടിക വർഗ്ഗ വിഭാഗത്തിൽപെട്ടവർക്ക് വേണ്ടി തിരുവനന്തപുരം/കോട്ടയം/കോഴിക്കോട് സർക്കാർ നഴ്സിംഗ് കോളേജുകളിൽ നടത്തുന്ന **ഡിപ്ലോമ ഇൻ ജനറൽ നഴ്സിംഗ് ആൻഡ് മിഡ് വൈഫറി കോഴ്സ്,** 2022-23 ലേക്കുള്ള പ്രവേശനത്തിനു അപേക്ഷ ക്ഷണിക്കുന്നു. അപേക്ഷകർ ഫിസിക്സ്, കെമിസ്ട്രി ബയോളജി എന്നിവ ഓപ് ഷണൽ വിഷയങ്ങളായും, ഇംഗ്ലീഷ് നിർബന്ധിത വിഷയമായും 40% മാർക്കോടുകൂടി +2 പരീക്ഷ പാസായിരിക്കണം. +2 ന് ശേഷം ഇന്ത്യൻ നഴ്സിംഗ് കൗൺസിൽ അംഗീകാരമുള്ള സ്കൂളുകളിൽ നിന്നും ANM കോഴ്സ് പാസായവർക്കും അപേക്ഷിക്കാവുന്നതാണ്.

**അപേക്ഷകർ 2022 ഡിസംബർ 31-ന് 17 വയസ്സ് പൂർത്തിയാക്കുന്നവരും 35 വയസ്സ് കഴിയാത്തവരും ആയിരിക്കണം .** ANM കോഴ്സ് പാസായവർക്ക് പ്രായപരിധി ബാധകമല്ല.

അഞ്ച് ശതമാനം സീറ്റുകൾ, കോഴ്സിന് അനുയോജ്യരാണെന്ന് വിലയിരുത്തുന്ന 40 മുതൽ 50 ശതമാനം വരെ അംഗപരിമിതിയുള്ളവർക്കായി ( ലോവർ എക്സ്ട്രിമിറ്റി) സംവരണം ചെയ്തിരിക്കുന്നു.

**അപേക്ഷ ഫോറവും, പ്രോസ്പെക്ടസും, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ വെബ് സൈറ്റിൽ(www.dme.kerala.gov.in.) നിന്നും ഡൗൺലോഡ് ചെയ്യാവുന്നതാണ്. അപേക്ഷകർ അപേക്ഷ ഫീസായ 100 രൂപ 0210-03-105-99 എന്ന ശീർഷകത്തിൽ ട്രഷറിയിൽ അടയ്ക്കേണ്ടതും, പൂരിപ്പിച്ച അപേക്ഷയോടൊപ്പം അസ്സൽ ട്രഷറി ചെല്ലാൻ സമർപ്പിക്കേണ്ടതുമാണ്(ട്രഷറി ചെല്ലാന്റെ ഫോട്ടോ കോപ്പി സ്വീകരിക്കുന്നതല്ല)**

പൂരിപ്പിച്ച അപേക്ഷകൾ ഫോട്ടോ പതിപ്പിച്ച് ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തി അസ്സൽ ട്രഷറി ചെല്ലാൻ, എസ്.എസ്.എൽ.,സി പ്ലസ് ടു/തത്തുല്യം, ജാതി, സ്വദേശം/താമസം,സ്വഭാവം, ഫിസിക്കൽ ഫിറ്റ്നസ് എന്നീ സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ സഹിതം (പ്രോസ്പെക്ടസ് ഖണ്ഡിക '17' പ്രകാരം) **2022 ഓഗസ്റ്റ് 17-ന്** മുൻപായി തിരുവനന്തപുരത്തുള്ള മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയത്തിൽ ലഭിക്കേണ്ടതാണ്. വൈകി കിട്ടുന്നതും നിർദിഷ്ട രീതിയിൽ പൂരിപ്പിക്കാത്തതുമായ അപേക്ഷകൾ നിരസിക്കുന്നതാണ്.

കൂടുതൽ വിവരങ്ങൾ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ വെബ് സൈറ്റിലും**(www.dme.kerala.gov.in.), GNM-22** പ്രോസ്പെക്ടസിലും ലഭ്യമാണ്. ഈ ഓഫീസുമായി ബന്ധപ്പെടുവാനുള്ള **ടെലിഫോൺ നമ്പർ:0471 2528569.**

Signature Not Verified
Digitally signed by THOMAS MATHEW
Date: 2022.07.19 07:02:17 IST
Reason: Approved
Location: THIRUVANANTHAPURAM

ഒപ്പ്
ഡയറക്ടർ

THOMAS MATHEW
DIRECTOR

പകർപ്പ്: 1. പട്ടിക ജാതി വികസന ഡയറക്ടറേറ്റ്, തിരുവനന്തപുരം
2. പട്ടിക വർഗ്ഗ വികസന ഡയറക്ടറേറ്റ്, തിരുവനന്തപുരം
3. ആദിവാസി മഹാസഭ, ആദിവാസി ഭവൻ,വിളുര,തിരുവനന്തപുരം
4. ഡയറക്ടർ,പബ്ലിക് റിലേഷൻസ്,തിരുവനന്തപുരം
5. ആകാശവാണി,തിരുവനന്തപുരം/കോഴിക്കോട്
6. ദൂരദർശൻ,തിരുവനന്തപുരം/കോഴിക്കോട്
7. പ്രിൻസിപ്പൽ, സർക്കാർ നഴ്സിംഗ് കോളേജ്, തിരുവനന്തപുരം/ആലപ്പുഴ/കോട്ടയം /തൃശ്ശൂർ/കോഴിക്കോട്/എറണാകുളം/കണ്ണൂർ
8. ഡി.എം.ഇ.-യുടെ സി.എ. (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
9. ഡി.എം.ഇ/ജെ.ഡി.എം.ഇ(എം.& ജി)/ജെ.ഡി.എൻ.ഇ,എന്നിവരുടെ സി.എ മാർക്ക്
10. അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് (അക്കാഡമിക്)
11. സീനിയർ സൂപ്രണ്ട്(അക്കാഡമിക്)
12. സർജന്റ്
13. നോട്ടീസ് ബോർഡ്
14. സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി